Draft #56 of File T2/5247/23/DTE Approved by Director (in-charge) on 08-Aug-2023 10:45 PM - Page 1

# വിജ്ഞാപനം

## എം.ടെക് 2023 കോഴ്സിലേയ്ക്കുള്ള പ്രവേശനം

**പ്രൊഫൈൽ, ഗേറ്റ് സ്കോർ, CGPA മുതലായവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസരം അവസാന തീയതി: 10.08.2023.**

2023-2024-വർഷത്തെ എം .ടെക് കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺ -ലൈൻ അപേക്ഷ സമർപ്പിച്ചിരുന്ന അപേക്ഷകർക്ക് അവരുടെ പ്രൊഫൈൽ, ഗേറ്റ് സ്കോർ, CGPA മുതലായവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിന് 10.08.2023 വരെ അവസാനമായി ഒരവസരം കൂടി നൽകുന്നു. ഇതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ http://dtekerala.gov.in/admissions/ എന്ന വെബ് സൈറ്റിൽ M.Tech Admissions 2023 എന്ന ലിങ്കിൽ അവരവരുടെ ലോഗിൻ വിവരങ്ങൾ നൽകി ലോഗിൻ ചെയ്തശേഷം view application എന്ന menu ൽ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ് . പ്രൊഫൈൽ പേജിൽ അപേക്ഷയിൽ അനുവദിച്ചിട്ടുള്ള വ്യക്തിഗത വിവരങ്ങൾ, നാഷണാലിറ്റി, നേറ്റിവിറ്റി, സംവരണം മറ്റ് ആനുകൂല്യങ്ങൾ ( ബാധകമെങ്കിൽ), ഗേറ്റ് സ്കോർ, ഗേറ്റ് പേപ്പർ, CGPA, ബ്രാഞ്ച് , ആറ്/എട്ട് സെമസ്റ്റർ വരെയുള്ള എല്ലാ വിഷയങ്ങളും പാസ്സായിട്ടുണ്ടോ എന്നത് (Semester qualified) സംബന്ധിച്ച വിവരങ്ങൾ എന്നിവയും ഫോട്ടോ, ഒപ്പ് എന്നിവയും ദൃശ്യമാകുന്നതാണ് .

ഫോട്ടോ, ഒപ്പ് എന്നിവ ഉൾപ്പെടെ മുകളിൽ പറഞ്ഞ ഏതെങ്കിലും വിവരങ്ങൾ ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനായി application correction എന്ന menu ൽ നൽകിയിട്ടുള്ള മെമ്മോകൾ വായിച്ചു മനസിലാക്കി അവ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ യഥാസ്ഥലങ്ങളിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ് . അപ്‌ലോഡ് ചെയ്ത രേഖകളുടെ preview കാണാൻ കഴിയുന്നതാണ്. ഒന്നിലധികം പേജ് ഉണ്ടെങ്കിൽ ഒറ്റ PDF ആയി അപ്‌ലോഡ് ചെയ്യേണ്ടതാണ് . അപ്‌ലോഡ് ചെയ്യുന്ന രേഖകൾ വ്യക്തതയുള്ളതും പൂർണ്ണവുമായിരിക്കണം . ന്യൂനതകൾ പരിഹരിക്കാൻ ഒരുകാരണവശാലും മറ്റൊരവസരം നൽകുന്നതല്ല . പ്രൊഫൈലിൽ കാണിച്ചിട്ടുള്ളതും മെമ്മോ ഇല്ലാത്തതുമായ മറ്റ് വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ mtechadmission@cet.ac.in എന്ന ഇ-മെയിലിലേയ്ക്ക് അയക്കേണ്ടതാണ് . അങ്ങനെ അയയ്ക്കുന്ന mail-കളുടെ വിഷയം MCAP 2023 Rectification of defects-<application number> എന്നായിരിക്കണം. അല്ലാതെ അയയ്ക്കുന്ന ഇ-മെയിലുകൾ സ്വീകരിക്കുന്നതല്ല.

പ്രൊഫൈൽ പേജിൽ കാണുന്ന ഗേറ്റ് സ്കോർ/CGPA അടിസ്ഥാനമാക്കിയാണ് റാങ്ക് നിശ്ചയിക്കുന്നത്. ആയതിനാൽ അപേക്ഷകർ CGPA,Branch,GATE score, GATE paper എന്നിവ കൃത്യമായി പരിശോധിക്കേണ്ടതാണ് . റാങ്ക് നിശ്ചയിച്ചതിനു ശേഷമുള്ള യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല . ആയതിനാൽ അപേക്ഷകർ മുകളിൽ പറഞ്ഞവ കൃത്യമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും വ്യത്യാസമുള്ള പക്ഷം മുകളിൽ നൽകിയിട്ടുള്ള ഇ -മെയിലിലേയ്ക്ക് അയക്കേണ്ടതുമാണ് . ചില അപേക്ഷകർ അപ്‌ലോഡ് ചെയ്തിട്ടുള്ള മാർക്ക് ലിസ്റ്റുകളിൽ അപാകത ഉള്ളതിനാൽ അവരുടെ 'Semester qualified' എന്നത് 'No'എന്ന് കാണിച്ചിട്ടുണ്ട്. അവർ ആ അപാകതകൾ പരിഹരിക്കാത്ത പക്ഷം അവരെ അലോട്മെന്റിൽ ഉൾപ്പെടുത്തുന്നതല്ല.

അഡ്മിഷൻ സമയത്തു GATE Score,GATE Subject യോഗ്യതാ പരീക്ഷയുടെ (B.tech/B.Arch) CGPA/Branch എന്നിവയും അപേക്ഷകർ ഓൺലൈൻ ആയി അപ്ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ ഒറിജിനലുകളും പരിശോധിക്കുന്നതും വ്യത്യാസമുള്ള പക്ഷം അഡ്മിഷൻ അസാധുവാകുന്നതാണ് . കൂടാതെ റാങ്ക് ലിസ്റ്റുകളിൽ നിന്ന് പുറത്താകുന്നതാണ് .

## Option Registration

അപേക്ഷാഫീസ് അടച്ച ഇതുവരെയും Option Register ചെയ്യാത്തവർക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും നേരത്തെ ചെയ്തവർക്ക് നിലവിലുള്ള ഓപ്ഷനുകളോടൊപ്പം പുതിയ ഓപ്ഷനുകൾ കൂട്ടി ചേർക്കുന്നതിനും നിലവിലുള്ളവ ക്രമീകരിക്കുന്നതിനും ഒഴിവാക്കുന്നതിനും ഇതോടൊപ്പം അവസരം ഉണ്ടായിരിക്കുന്നതാണ്.

Option Registration/Deletion/Re-arrangement ചെയ്തശേഷം Confirmation പേജിന്റെ പ്രിന്റ് എടുത്തു സൂക്ഷിക്കേണ്ടതാണ് . Confirmation page, പരാതികൾ എന്നിവ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് തപാൽ മുഖേന അയക്കാൻ പാടുള്ളതല്ല . അപേക്ഷയിലെ പരാതികൾ പരിഹരിക്കുന്നതിനും മെമ്മോകൾ അപ്‌ലോഡ് ചെയ്യുന്നതിനും option registration-നും ഉള്ള അവസാന തിയ്യതി 10.08.2023 ആണ് . അതിനുശേഷം ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതല്ല .

കുറിപ്പ് I:-

(a) അപേക്ഷകർ അപ്‌ലോഡ് ചെയ്തിട്ടുള്ള മാർക്ക് ലിസ്റ്റുകളിൽ അപാകതകൾ ഉള്ള പക്ഷം അവർ നൽകിയിട്ടുള്ള ഗ്രേഡ് /മാർക്ക് അതേപടി നിലനിർത്തിയിട്ടുള്ളതും എന്നാൽ ശരിയായ ഡോക്യുമെന്റ് അപ്‌ലോഡ് ചെയ്യുവാനുള്ള മെമ്മോ നല്കിയിട്ടുള്ളതുമാണ്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഡോക്യുമെന്റുകൾ അപ്‌ലോഡ് ചെയ്യാത്ത പക്ഷം റാങ്ക് നിശ്ചയത്തിന് ആവശ്യമായ CGPA കണക്കാക്കുന്നതിന് അവർ ഓൺലൈൻ അപേക്ഷയിൽ നൽകിയിട്ടുള്ള മാർക്ക്/ഗ്രേഡ് പരിഗണിക്കുന്നതും അവരുടെ അപേക്ഷ തടഞ്ഞുവയ്ക്കുന്നതാണ് .

(b) അപേക്ഷകർ അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിൽ മാർക്കും ഗ്രേഡും നൽകിയിട്ടുള്ള പക്ഷം റാങ്ക് നിർണയിക്കുന്നതിനായി ഗ്രേഡ് ആയിരിക്കും പരിഗണിക്കുന്നത്.

(c) ചില അപേക്ഷകരുടെ നേറ്റിവിറ്റി സർട്ടിഫിക്കറ്റിലോ സംവരണത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകളിലോ അപാകതകൾ ഉള്ളതുകൊണ്ട് അവരുടെ ഗേറ്റ് സ്കോർ disqualified ആകുന്നതാണ് .

കുറിപ്പ് II:-

Candidate Portal-ലൂടെ അപ്‌ലോഡ് ചെയ്യുന്ന രേഖകൾ മാത്രമേ Memo Clearance- ന് സ്വീകരിക്കുകയുള്ളൂ. തപാൽ, ഇ- മെയിൽ എന്നിവ വഴി അയക്കുന്ന രേഖകൾ Memo Clearance ആയി സ്വീകരിക്കുന്നതല്ല.

കുറിപ്പ് III:-

1) Nationality:- Prospectus Clause 4.1 പ്രകാരം അപേക്ഷകൻ Indian Citizen ആയിരിക്കണം . Nationality യുടെ മെമ്മോകളുടെ ന്യൂനതകൾ പരിഹരിക്കാത്തപക്ഷം അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ് .

2) Nativity :- Prospectus Clause 4.1.2(i) പ്രകാരം അപേക്ഷകൻ Keralite അല്ലെങ്കിൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ നിരസിക്കപ്പെടുന്നതാണ്.

(a) Reservation Category

(b) General Category- ക്ക് ബാധകമായ GATE Score ലെ കട്ട് ഓഫിനോ അതിന്

മുകളിലോ സ്കോർ ഇല്ലാത്ത പക്ഷം GATE disqualified ആകുന്നതാണ്.

(c) Sponsored quota, Differentily abled തുടങ്ങിയ Special Reservation കളും നിരസിക്കപ്പെടുന്നതാണ്.

3) Reservation Category:- ഇത് സംബന്ധിച്ച് മെമ്മോകൾ അപ്‌ലോഡ് ചെയ്യാത്തപക്ഷം Prospectus Clause 3.6.2, 3.6.3 പ്രകാരം SC/ST/SEBC/OEC/EWS എന്നീ റിസർവഷൻ ക്ലെയിമുകൾ നഷ്ടമാകുന്നതാണ്. കൂടാതെ മുകളിൽ 2(b) ൽനൽകിയിട്ടുള്ളത് പ്രകാരം GATE Disqualified ആകുന്നതാണ്. SC/ST candidates ജനറൽ ആയി മാറുകയും ബാക്കിയുള്ള അപേക്ഷാഫീസ് അടയ്ക്കാൻ ഇടയാകുന്നതും അല്ലാത്തപക്ഷം അപേക്ഷ നിരസിക്കപ്പെടുന്നതാണ് .

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 08.08.2023
Reason: Approved

Draft #56 of File T2/5247/23/DTE Approved by Director (in-charge) on 08-Aug-2023 10:45 PM - Page 2

The document is digitally approved. Hence signature is not needed.